**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4605** **29-10-2021 - ൽ മറുപടിയ്ക്ക്**

**പമ്പ ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പമ്പ ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച കനാലുകൾ കാട്ടുപിടിച്ചും മാലിന്യ നിക്ഷേപത്താലും തകരാറുകൾ സംഭവിച്ചും നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് എസ്.ഡി.ആർ.എഫ്, ആക്ഷൻ പ്ലാൻ, RKI എന്നിവയിൽ ഉൾപ്പെടുത്തി കനാൽ നവീകരണം നടത്തിവരുന്നു. ചെങ്ങന്നൂർ മണ്ഡലത്തിലെ പി.ഐ.പി കനാലുകളുടെ നവീകരണത്തിനായി 600 ലക്ഷം രൂപയുടെ പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത കനാലുകൾ ശുചീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് എസ്.ഡി.ആർ.എഫ്, ആക്ഷൻ പ്ലാൻ, RKI എന്നിവയിൽ ഉൾപ്പെടുത്തി കനാൽ നവീകരണം നടത്തിവരുന്നു. ചെങ്ങന്നൂർ മണ്ഡലത്തിലെ പി.ഐ.പി കനാലുകളുടെ നവീകരണത്തിനായി 600 ലക്ഷം രൂപയുടെ പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത കനാലുകൾ സംരക്ഷിക്കാൻ 2016-17 മുതൽ സ്വീകരിച്ച നടപടികളും ചെലവഴിച്ച തുകയും വ്യക്തമാക്കുമോ? | (സി) | 2016-17 മുതൽ ഓരോ വർഷവും ലഭ്യമാകുന്ന ബഡ്ജറ്റ് വിഹിതത്തിനനുസരിച്ച് ആക്ഷൻ പ്ലാൻ തയ്യാറാക്കി കനാലുകളുടെ ശുചീകരണ പ്രവൃത്തികളും സംരക്ഷണ പ്രവൃത്തികളും നടത്തി വരുന്നു. ആയതിന് ചിലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. കൂടാതെ 2018-19 സാമ്പത്തിക വർഷത്തിൽ എസ്.ഡി.ആർ.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 988.37 ലക്ഷം രൂപയുടെ സംരക്ഷണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. 2018-ലെ വെള്ളപ്പൊക്കത്തിൽ തകർന്നുപോയ വരയന്നൂർ അക്വാഡക്റ്റിന്റെ പുനർനിർമ്മാണത്തിനായി RKI -ൽ ഉൾപ്പെടുത്തി 1.90 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ടി പ്രവൃത്തിക്ക് കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. ചെങ്ങന്നൂർ മണ്ഡലത്തിലെ പി.ഐ.പി കനാലുകളുടെ നവീകരണത്തിനായി 600 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| Sl No | | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|---|
| 1 | Non Plan | 336,00,931 | 441,39,492 | 215,99,672 | 283,14,074 | 251,20,132 | 166,00,950 |
| 2 | Plan | 8,04,524 | 0.00 | 0.00 | 39,59,614 | 0.00 | 0.00 |

സെക്ഷൻ ഓഫീസർ